**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹനമിട്ട ചോദ്യം നം. 469** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉപഭോക്തൃ സേവനങ്ങൾ സാധാരണ ജനങ്ങളിലേയ്ക്ക് അനായാസം എത്തിക്കുന്നതിനും ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കുന്നതിനുമായി ലീഗൽ മെട്രോളജി വകുപ്പിൽ പരിഷ്കാരങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനായി വെരിഫിക്കേഷൻ നടത്തുന്നതിനുള്ള ഫീസ് ഓൺലൈനായി ഒടുക്കു വരുത്തുന്നതിനും, ആയതിന്റെ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കുന്നതിന്റെ അന്തിമഘട്ട ത്തിലാണ്. കൂടാതെ പൊതുജന ങ്ങൾക്ക് 'സുതാര്യം' മൊബൈൽ ആപ്ലിക്കേഷൻ, വകുപ്പ് അദ്ധ്യക്ഷന്റെ ഔദ്യോഗിക ഇ-മെയിൽ, ഫേയ്സ്ബുക്ക്, ടെലിഫോൺ, തപാൽ, സിഎംഒ പോർട്ടൽ, NCH പോർട്ടൽ എന്നിവ മുഖേന പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സൗകര്യം നിലവിലുണ്ട്. കൂടാതെ ഉപഭോക്തൃ ബോധവൽക്കരണ പരിപാടികൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. |
| (ബി) | ആയതിന്റെ ഭാഗമായി വകുപ്പ് നടത്തിയ പരിശോധനകളിൽ നിയമ ലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തൊട്ടാകെ വ്യാപാര സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനകളിൽ ആകെ 1236 കേസുകൾ കണ്ടെത്തി, 31,93,000/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കി. കൂടാതെ, പെട്രോൾ ഡിസ്പെൻസിംഗ് പമ്പുകൾക്കെതിരെ ലഭ്യമായ പരാതികളിൻമേൽ നടത്തിയ പരിശോധനകളിൽ ആകെ 8 കേസുകൾ കണ്ടെത്തുകയും, 19,000/- രൂപ രാജിഫീസ് ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കോവിഡ് വ്യാപനത്തിന്റെ ഫലമായി വ്യാപാരികൾ നേരിട്ട നിയമപരമായ പ്രയാസങ്ങൾ പരിഹരിക്കുവാൻ വകുപ്പ് നടപടി കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (സി) | ഉണ്ട്. കോവിഡ് കാലയളവിൽ യഥാസമയം മുദ്ര പതിപ്പിക്കുവാൻ സാധിക്കാത്ത അളവ്തൂക്ക ഉപകരണങ്ങൾ പിഴയും, അധിക ഫീസും ഒഴിവാക്കി മുദ്ര പതിപ്പിക്കുന്നതിനായി 2020 ഏപ്രിൽ മുതൽ 2022 ജൂലൈ വരെ വിവിധ ഘട്ടങ്ങളിലായി മുദ്ര കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കോവിഡ് മൂലവും മറ്റ് കാരണങ്ങളാലും മുദ്രവെയ്പ്പ് കുടിശിക ആയ അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര വെയ്ക്കുന്നതിനായി പിഴ ഇളവ് ചെയ്ത് നൽകുന്നത് സംബന്ധിച്ച് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ഡി) | ഉണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ അദാലത്തിന്റെ ആദ്യഘട്ടത്തിൽ (31/05/2022 വരെ) ആകെ 13,864 എണ്ണം അപേക്ഷകൾ ലഭ്യമാവുകയും ആയതിൽ 12,486 എണ്ണം അപേക്ഷകൾ അദാലത്തിൽ ഹാജരാവുകയും ചെയ്തു. അദാലത്ത് 2023 മാർച്ച് 31 വരെ നീട്ടിയിരിക്കുകയാണ്. |
| (ഇ) | ലീഗൽ മെട്രോളജി വകുപ്പിനെ കടലാസ് രഹിത ഓഫീസാക്കി മാറ്റുക എന്ന ഉദ്ദേശ്യത്തോടെ ആധുനികവത്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | ഉണ്ട്. വകുപ്പ് അദ്ധ്യക്ഷന്റെ ഓഫീസ് മുതൽ ജില്ലാതല ഓഫീസ് വരെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ